LIBRARY ARCHIVES Kerala Legislative Assembly

പരിഗണനയിലുണ്ട്. പക്ഷിമൃഗാദികളുടെ പേവിഷബാധ തടയുന്നതിനുള്ള വാക്സിൻ നിർമ്മിക്കാനുള്ള ലാബ് ഉദ്ദേശം 102 കോടി രൂപ ചെലവഴിച്ച് പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് & വെറ്ററിനറി ബയോളജിക്കൽസിൽ സ്ഥാപിക്കാനായി NABCONS തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ് കേന്ദ്രത്തിൽ ആരംഭിച്ച മനുഷ്യർക്കും ഉപയോഗിക്കാവുന്ന വാക്സിൻ നിർമ്മാണ പരിപാടിയുടെ പുരോഗതി വെളിപ്പെടുത്താമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മനുഷ്യർക്കും ഉപയോഗിക്കാവുന്ന പേവിഷബാധ തടയുന്നതിനുള്ള വാക്സിൻ നിർമ്മിക്കാനുള്ള ലാബ് പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് & വെറ്ററിനറി ബയോളജിക്കൽസിൽ സ്ഥാപിക്കാനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

കാർഷികോൽപ്പന്നങ്ങളുടെ സംഭരണം

24 (*114) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങൾക്ക് തറവില പ്രഖ്യാപിച്ചിട്ടും സംഭരിക്കാൻ ആളില്ലാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നത്തിന് അടിയന്തര പരിഹാരം കണ്ടെത്തുമോ; തറവില പ്രഖ്യാപനം വന്ന് പത്തുമാസമായ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

കോവിഡ് 19 രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാന വില പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിന് ഈ വർഷം 10.00 കോടി രൂപ വകയിരുത്തിയിട്ടുള്ളതും

LIBRARY ARCHIVES Kerala Legislative Assembly

6-7-2021-ലെ GO(Rt)580/2021/Agri നമ്പർ ഉത്തരവ് പ്രകാരം ടി തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. കൂടാതെ കോവിഡ് 19-ന്റെ രണ്ടാം തരംഗത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ് വിപണിയിൽ ഇടപെടുകയും ചെയ്തു. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി - അടിസ്ഥാന വില എന്ന പദ്ധതി പ്രകാരം 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില നിശ്ചയിച്ചു. പദ്ധതി 2020 നവംബർ ഒന്നുമുതൽ പ്രാബല്യത്തിൽവന്നു. കർഷകർ AIMS പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യുകയും ആനുകൂല്യം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. ഇതുവരെ 61225 കർഷകർ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി 550 വിപണികളെ നോട്ടിഫൈഡ് മാർക്കറ്റുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും ചെയ്തു. 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ പ്രഖ്യാപനത്തെ തുടർന്ന് ബാങ്കുകളിൽനിന്നും വായ്പയെടുത്ത കർഷകർ ഇപ്പോൾ പ്രതിസന്ധിയിലായിരിക്കുന്ന ഗൗരവമായ പ്രശ്നത്തിൽ കൃഷിക്കാരെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ?

സർക്കാരിന്റെ പ്രഖ്യാപനത്തെ തുടർന്ന് ബാങ്കുകളിൽനിന്നും വായ്പയെടുത്ത കർഷകർ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഏതെല്ലാം ഇനം പച്ചക്കറികൾക്കാണ് സർക്കാർ തറവില പ്രഖ്യാപിച്ചത്; ആയത് പരിശോധിക്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിന് വിവിധ ക്രമീകരണങ്ങളാണ് സംസ്ഥാന കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. 26/10/2020-ലെ G.O.(Ms) 80/2020/Agri നമ്പർ ഉത്തരവ് പ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതി നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, കാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിന്റെ സുഗമമായ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനത്തിന് സംസ്ഥാനതല കമ്മിറ്റി, ജില്ലാതല പ്രൈസ് മോണിറ്ററിംഗ് കമ്മിറ്റി, പ്രാദേശികതല കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്. അഡീഷണൽ ചീഫ് സെക്രട്ടറി (ഏകോപനം) ചെയർമാനും അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ വൈസ് ചെയർമാനും സെക്രട്ടറി (കൃഷി വകുപ്പ്), സെക്രട്ടറി (സഹകരണ വകുപ്പ്), സെക്രട്ടറി (തദ്ദേശസ്വയംഭരണ വകുപ്പ്), ചെയർമാൻ, സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ പ്രൈസസ് ബോർഡ്, ഡയറക്ടർ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, രജിസ്ട്രാർ, കോപ്പറേറ്റീവ് സൊസൈറ്റീസ് മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വി.എഫ്.പി.സി.കെ. എന്നിവർ അംഗങ്ങളും ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കൺവീനറുമായിട്ടുള്ളതാണ് സംസ്ഥാനതല കമ്മിറ്റി. പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തുന്നതിനോടൊപ്പം പദ്ധതി നടത്തിപ്പിൽ വകുപ്പുകൾ തമ്മിൽ ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടതും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും സംസ്ഥാനതല കമ്മിറ്റിയാണ്. അടിസ്ഥാന വില പുതുക്കി നിശ്ചയിക്കുന്ന സന്ദർഭത്തിലും പുതിയ വിളകൾ ഉൾപ്പെടുത്തുമ്പോഴും ടി കമ്മിറ്റി സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുന്നതാണ്.

(ഡി) വിളയിറക്കിയ കർഷകർ വലിയ നഷ്ടത്തിൽ ഈ ലോക്ഡൗൺ കാലത്ത് ഉൽപ്പന്നങ്ങൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

കോവിഡ് 19 രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസം അനുഭവപ്പെട്ടു. ഇത് പരിഹരിക്കാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാന വില പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിന് ഈ വർഷം 10.00 കോടി രൂപ വകയിരുത്തുകയും 6-7-2021-ലെ GO (Rt) 580/2021/Agri നമ്പർ ഉത്തരവ് പ്രകാരം ടി തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. കോവിഡ് 19-ന്റെ രണ്ടാം തരംഗത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിനു കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ക്ഷീര സഹകരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മരച്ചീനി വിറ്റഴിക്കുന്നതിനുള്ള നേതൃത്വം കൃഷി ഓഫീസർമാർ കൈക്കൊണ്ടിട്ടുണ്ട്.